(സി) കാഷ്യൂ ബോർഡ് അനുവദിക്കുന്നതിനുവേണ്ടി നടത്താൻ ഉദ്ദേശിക്കുന്ന തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിന്റെ ദീർഘകാലത്തെ ആവശ്യമായ കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്നാവശ്യപ്പെട്ടും കശുവണ്ടി വ്യവസായത്തിന്റെ സമഗ്ര വികസനത്തിനും സംരക്ഷണത്തിനും കാഷ്യൂ ബോർഡ് രൂപീകരണം അത്യന്താപേക്ഷിതമാണെന്ന് ചൂണ്ടിക്കാട്ടിയും ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷനും കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിക്കും കത്തയച്ചിരുന്നു.

(ബി&സി) കേന്ദ്ര കൃഷിമന്ത്രാലയത്തിന് കീഴിലുള്ള വിവിധ ഏജൻസികൾ കശുമാവ് കൃഷിയുടെ കാര്യത്തിൽ അർത്ഥപൂർണ്ണമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്നും ആ വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ ആന്റ് കൊക്കോ ഡെവലപ്പ്മെന്റിനെ മറ്റൊരു ഏജൻസിയുമായും ലയിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും കശുവണ്ടി വ്യവസായ മേഖലയ്ക്ക് തന്നെ കാഷ്യൂ ബോർഡിനോട് അനുഭാവപൂർണ്ണമായ സമീപനമല്ല ഉള്ളതെന്നും ആയതിനാൽ പ്രത്യേകമായി കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന നിർദ്ദേശം സ്വീകരിക്കുവാൻ കഴിയില്ല എന്ന് കേന്ദ്ര വാണിജ്യ വ്യവസായമന്ത്രി 25-2-2015 തീയതിയിലെ കത്തുമുഖാന്തരം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

വ്യവസായ സ്ഥാപനങ്ങൾ

223 (568) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ പ്രവർത്തനം ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നു അറിയിക്കാമോ ; അവയിൽ ഏതെല്ലാം സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും ഏതെല്ലാം ലാഭത്തിലാണെന്നും വ്യക്തമാക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചതും ഇപ്പോഴും ലാഭകരമായി പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നു വിശദമാക്കുമോ ; ഇവയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ഐ.ഡി.സി.യുടെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളിൽ ഇപ്പോൾ പ്രവർത്തിക്കുന്നവ, ലാഭത്തിൽ പ്രവർത്തിക്കുന്നവ തുടങ്ങിയവയുടെ വിശദവിവരങ്ങൾ അനുബന്ധം Iആയി ചേർത്തിരിക്കുന്നു.*

സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളിലെ വ്യവസായ യൂണിറ്റുകളുടെ വിശദവിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ലൈറ്റ് എഞ്ചിനീയറിംഗ്, ഫുഡ് പ്രോഡക്ട്, ഫർണിച്ചർ യൂണിറ്റുകൾ, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, സിമെന്റ് അധിഷ്ഠിത വ്യവസായങ്ങൾ, പ്രിന്റിംഗ് വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിൽ 51989 വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയിൽ നിലവിൽ 51332 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളുടെ ലാഭനഷ്ടകണക്കുകൾ ശേഖരിച്ചിട്ടില്ല.

(ബി) ആലപ്പുഴ ജില്ലയിൽ കെ.എസ്.ഐ.ഡി.സി. മുഖാന്തരം ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചതും ലാഭകരമായി പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങളും അതിലെ തൊഴിലാളികളുടെ എണ്ണവും ചുവടെ നൽകുന്നു :

പ്രവർത്തനം ആരംഭിച്ചവ	ഇപ്പോൾ പ്രവർത്തിക്കുന്നവ	ലാഭത്തിൽ പ്രവർത്തിക്കുന്നവ	തൊഴിലാളികൾ
Foodco Delicious Pvt. Ltd.	...	...	60
B3 Equipments Pvt. Ltd.	...	...	60

ഈ സർക്കാരിന്റെ കാലയളവിൽ സിഡ്കോയുടെ ആലപ്പുഴ ജില്ലയിലെ ചേർത്തല വ്യവസായ എസ്റ്റേറ്റിൽ M/s. പ്രീമിയർ ഇലക്ട്രോ കോട്ട്സ്, M/s. തങ്കപ്പൻ കയർ വർക്സ് എന്നീ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവയിൽ ആകെ 23 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. പ്രസ്തുത യൂണിറ്റുകൾ സിഡ്കോയുടെ ഉടമസ്ഥതയിലല്ലാത്തതിനാൽ ലാഭത്തിന്റെ വിവരം ലഭ്യമല്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആലപ്പുഴ ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ആരംഭിച്ച 3047 വ്യവസായ യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളിൽ 11020 തൊഴിലാളികൾ ജോലി ചെയ്യുന്നു.

വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സഹായം

224 (569) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും ഇളവുകളും സഹായവും നൽകിവരുന്നുണ്ടോ ;

(ബി) സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകുന്ന പ്രാതിനിധ്യവും സഹായവും സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സഹകരണ മേഖലയെ സഹായിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി സഹകരണ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങൾക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഇളവുകൾ ഒന്നും നൽകാറില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരളത്തിൽ സഹകരണമേഖലയിൽ ധാരാളം വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി സ്ഥാപനങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾ തുടർന്നും നൽകുന്നതായിരിക്കും.

ചെറുകിട വ്യവസായങ്ങളുടെ വളർച്ച

225 (570) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly